# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തകഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 1-1306 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 01/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തകഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തകഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തകഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 1-1306 /2023 തീയ്യതി: 01/12/2023

## ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2023 | 21-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2023 | 21-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ

ശ്രീമതി എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (13.10.23 മുതൽ 21.10.23 വരെ)

ശ്രീമതി പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എസ്.അജയകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് ഇക്ബാൽ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമിത.സി.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ഷിബു എസ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ജോഷ്മി പ്രതാപൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2022 | 14-08-2022 |
| ഡോ.അലക്സ് പി ജെ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 15-08-2022 | 29-08-2022 |
| ഡോ.ജോഷ്മി പ്രതാപൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 30-08-2022 | 31-03-2023 |
| ഡോ.അരുൾ ജ്യോതി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ.സതീഷ് കുമാർ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 24-09-2022 |
| ശ്രീമതി.നിമിഷ കെ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 25-09-2022 | 02-10-2022 |
| ശ്രീമതി.ഹസീന ആർ എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 03-10-2022 | 10-10-2022 |
| ശ്രീമതി.രശ്മി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 11-10-2022 | 30-10-2022 |
| ശ്രീമതി.ആശ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 31-10-2022 | 11-01-2023 |
| ശ്രീ.സുമേഷ് വി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 12-01-2023 | 31-03-2023 |
| ശ്രീമതി.സലിൻ സാബു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 20-02-2023 |
| ശ്രീമതി.രാജി ആർ നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-02-2023 | 31-03-2023 |
| ശ്രീമതി.ധനലക്ഷ്മി | കൃഷി ഓഫീസർ | 01-04-2022 | 28-06-2022 |
| ശ്രീമതി.ഷൈമ സി പി | കൃഷി ഓഫീസർ | 29-06-2022 | 27-07-2022 |
| ശ്രീമതി.ഹേമലത ബാലചന്ദ്രൻ | കൃഷി ഓഫീസർ | 28-07-2022 | 06-08-2022 |
| ശ്രീമതി.രേഷ്മ എം | കൃഷി ഓഫീസർ | 07-08-2022 | 30-09-2022 |
| ശ്രീമതി.മഹേശ്വരി ജെ | കൃഷി ഓഫീസർ | 01-10-2022 | 20-11-2022 |

| | | | |
|---|---|---|---|
| ശ്രീമതി.സുചിത്ര ബി ഷേണായി | കൃഷി ഓഫീസർ | 21-11-2022 | 31-03-2023 |
| ഡോ.സൂരജ്.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 07-08-2022 |
| ഡോ.ശ്രീജിത്ത് എസ് | വെറ്ററിനറി സർജൻ | 08-08-2022 | 01-12-2022 |
| ഡോ.ശരണ്യ കെ എസ് | വെറ്ററിനറി സർജൻ | 02-12-2022 | 31-03-2023 |
| ശ്രീമതി.സിന്ധു.എസ് | വി.ഇ.ഒ (തകഴി) | 01-04-2022 | 31-03-2023 |
| ശ്രീമതി.ജയശ്രീ.കെ.വി | വി.ഇ.ഒ (കുന്നുമ്മ) | 01-04-2022 | 01-08-2022 |
| ശ്രീമതി.സുമ പി | വി.ഇ.ഒ (കുന്നുമ്മ) | 02-08-2022 | 31-03-2023 |
| ശ്രീമതി.ഗീത | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 01-07-2022 |
| ശ്രീമതി.ഗീത എസ് റ്റി | ഹെഡ്മിസ്ട്രസ്സ് | 02-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി - കളക്ഷൻ തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | രജിസ്റ്ററിലും വാർഷിക കണക്കിലും ഡെപ്പോസിറ്റ് തുകകളുടെ രേഖപ്പെടുത്തലിൽ വ്യത്യാസം | 1-1-6 |
| 8 | നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയ തുക - ബാലൻസ് ഷീറ്റിലെ രേഖപ്പടുത്തലിൽ വ്യത്യാസം | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | ബജറ്റിന്റെ അവലോകനം | 1-2-1 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 19 | ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതി 660/- രൂപ തിരികെ ഒടുക്കി | 1-11 |
| 20 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 1-12 |
| 21 | ലൈസൻസ്-അപാകതകൾ | 1-13 |
| 22 | മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-14 |
| 23 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ സൊസൈറ്റിയിൽ അവശേഷിക്കുന്നു | 1-15 |
| 24 | സാമൂഹ്യ ക്ഷേമ പെൻഷൻ - മരണശേഷവും ബാങ്ക് അക്കൌണ്ടിലേക്ക് തുക നൽകി | 1-16 |

| | | |
|---|---|---|
| 25 | മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ - തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല, ചെലവഴിക്കുന്നതിൽ കാലതാമസം | 1-17 |
| 26 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - അപാകത | 1-18 |
| 27 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്- കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കുന്നില്ല | 1-19 |
| 28 | ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ നിയമനം -രേഖകൾ ഹാജരാക്കിയില്ല | 1-20 |
| 29 | കോവിഡ് ഇൻസെന്റീവ് - തുക വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു | 1-21 |
| 30 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-22 |
| 31 | ജൽജീവൻ മിഷന് തുക അടവാക്കൽ | 1-23 |
| 32 | പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ | 1-24 |
| 33 | പൈപ്പ്ലൈൻ നവീകരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-25 |
| 34 | സമഗ്ര നെൽകൃഷി വികസനം - അപാകത | 1-26 |
| 35 | മുണ്ടുചിറ കോളനി കുഴൽക്കിണർ നിർമ്മാണം - അപാകത | 1-27 |
| 36 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-28 |
| 37 | ലൈഫ് ഭവന നിർമ്മാണം(എസ്.സി) -പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-29 |
| 38 | ലൈഫ് ഭവന നിർമ്മാണം-ജനറൽ -പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-30 |
| 39 | വൃദ്ധർക്ക് കട്ടിൽ വിതരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം | 1-31 |
| 40 | ദേശീയ തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ | 1-32 |
| 41 | ആശുപത്രി റോഡിൽ നിന്നും പടിഞ്ഞാറോട്ട് ദീപാ സദനം വരെ റോഡ് കോൺക്രീറ്റിംഗ്- അപാകതകൾ | 1-33 |
| 42 | റോഡ് ടാറിംഗ്- ബാരൽ വില ഈടാക്കിയില്ല | 1-34 |
| 43 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കോമ്പൻസേഷൻ ഈടാക്കിയില്ല | 1-35 |
| 44 | കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല | 1-36 |
| 45 | റോഡ് കോൺക്രീറ്റിംഗ് അപാകതകൾ | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സമഗ്ര നെൽകൃഷി വികസനം - അപാകത | 3-1 |
| 2 | റോഡ് ടാറിംഗ്- ബാരൽ വില ഈടാക്കിയില്ല | 3-2 |
| 3 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കോമ്പൻസേഷൻ ഈടാക്കിയില്ല | 3-3 |

| | | |
|---|---|---|
| 4 | കരാർ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല | 3-4 |
| 5 | റോഡ് കോൺക്രീറ്റിംഗ് അപാകതകൾ | 3-5 |
| 6 | ആശുപത്രി റോഡിൽ നിന്നും പടിഞ്ഞാറോട്ട് ദീപാ സദനം വരെ റോഡ് കോൺക്രീറ്റിംഗ്- അപാകതകൾ | 3-6 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023-ലെ 5(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തകഴി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തകഴി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വസ്തു നികുതി - കളക്ഷൻ തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി കളക്ഷൻ തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി കളക്ഷൻ തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

### 1-1-5 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ തൻവർഷം നൽകിയതും തിരികെ ലഭിച്ചതുമായ തുകകളുടെ വിവരം രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-1-6 രജിസ്റ്ററിലും വാർഷിക കണക്കിലും ഡെപ്പോസിറ്റ് തുകകളുടെ രേഖപ്പെടുത്തലിൽ വ്യത്യാസം

രജിസ്റ്ററിലും വാർഷിക കണക്കിലും ഡെപ്പോസിറ്റ് തുകകളുടെ വരവ്, ചെലവ് ഇനത്തിൽ രേഖപ്പെടുത്തലിൽ വ്യത്യാസം നിലനിൽക്കുന്നു. വ്യത്യാസമുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരം വരവ് | AFS പ്രകാരം വരവ് RP33 Deposits Received(R) | രജിസ്റ്റർ പ്രകാരം ചെലവ് | AFS പ്രകാരം ചെലവ് RP33 Deposits Received(P) |
|---|---|---|---|---|
| Bidders EMD | 16250 | 16000 | 25522 | 20272 |
| Other Deposits | 30000 | 0 | 30000 | 0 |
| Auction Deposit | 30000 | 15000 | 33000 | 2000 |
| Contractors | 30000 | 0 | -- | -- |

| | | | | |
|---|---|---|---|---|
| Security Deposit | | | | |
| Contractors Retention | 94041 | 59995 | -- | -- |
| Contractors EMD | -- | -- | 54943 | 24943 |
| Bidders Security Deposit | -- | -- | 19530 | 7998 |
| Rent Deposits | -- | -- | 5000 | 1338 |

1-1-7 നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയ തുക - ബാലൻസ് ഷീറ്റിലെ രേഖപ്പെടുത്തലിൽ വ്യത്യാസം

നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയ താഴെ ചേർക്കുന്ന തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ പ്രസ്തുത തുകകൾ ബാലൻസ് ഷീറ്റിൽ (B-18) ഉൾപ്പെട്ടിട്ടില്ല.

| ഏജൻസി | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | നൽകിയ തുക |
|---|---|---|---|
| GWA | S0001/23 | കുഴൽക്കിണർ നിർമ്മാണം | 4,98,000 |
| KWA | S0002/23 | പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 1,10,000 |

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25.03.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 25.3.23-ലെ രണ്ടിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 20,91,03,471 | 21,01,36,808 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 13,24,36,720 | 14,15,70,002 |

### 1-2-1 ബജറ്റിന്റെ അവലോകനം

2022-23 വർഷത്തെ ബജറ്റ് 25.3.2022-ലെ രണ്ടിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 25.03.2023-ലെ ഒന്നിൽ രണ്ടാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.

2. ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2022-23 ലെ ബജറ്റ് 2022 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3. പെർഫോമൻസ് ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാനുവൽ ചട്ടം 3.1.4 പ്രകാരം പട്ടിക 3-1 അനുസരിച്ച് തയ്യാറാക്കുന്ന ബജറ്റ് പ്രവർത്തനാധിഷ്ഠിതമായിരിക്കേണ്ടതാണ്. ആയതിന് പട്ടിക 3-2ൽ നൽകിയിട്ടുള്ള മാതൃകയിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

4. ജന്റർ ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാനുവൽ ചട്ടം 3.1.5 പ്രകാരം ജന്റർ ബജറ്റ് തയ്യാറാക്കി ബജറ്റ് ലിംഗാധിഷ്ഠിതമായി വീക്ഷിക്കേണ്ടതാണ്. ആയതിന് പട്ടിക 3-3ൽ നൽകിയിട്ടുള്ള മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ നിശ്ചിത മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

5. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | 2101002 | കൂലി | 3,00,000 | 3,23,990 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2103002 | അവധി ശമ്പളം | 00 | 1,75,724 | വകയിരുത്തലില്ലാതെ ചെലവഴിച്ചു |
| 3 | 2201003 | നികുതി | 00 | 1,044 | വകയിരുത്തലില്ലാതെ |

| | | | | | |
|---|---|---|---|---|---|
| | | | | | ചെലവഴിച്ച |
| 4 | 2201201 | വാർത്താ വിനിമയ ചെലവുകൾ | 1,00,000 | 1,29,119 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 2205201 | പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 15,000 | 48,410 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 6 | 2206101 | മെമ്പർഷിപ്പ്/ വരിസംഖ്യ | 6,000 | 34,000 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 7 | 2208001 | മറ്റ് ഭരണ ചെലവുകൾ | 1,00,000 | 1,43,805 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 8 | 2301101 | വാട്ടർ ചാർജ്ജ് | 15,00,000 | 17,59,958 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 9 | 2303001 | കൺസംപ്ഷൻ ഓഫ് സ്റ്റോഴ്സ് | 00 | 2,381 | വകയിരുത്തലില്ലാതെ ചെലവഴിച്ച |
| 10 | 2304001 | വാടക | 25,000 | 62,885 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 11 | 2305002 | സംരക്ഷണവും അറ്റകുറ്റപ്പണികളും | 20,000 | 29,494 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 12 | 2305003 | റിപ്പയേഴ്സ് & മെയിന്റനൻസ് ഓഫ് ലെയിൻസ് | 00 | 9,532 | വകയിരുത്തലില്ലാതെ ചെലവഴിച്ച |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (3/17.10.23) ലഭ്യമാക്കിയ മറുപടിയിൽ ഈ വിഷയങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ്

ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് മാനുവൽ ചട്ടം 3.1.4, 3.1.5 എന്നിവ അനുശാസിക്കും വിധം പെർഫോമൻസ് ബജറ്റ്, ജന്റർ ബജറ്റ് എന്നിവ പാസ്സാക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 92,91,510 |
| വരവ് | 2,73,32,123 |
| ആകെ | 3,66,23,633 |
| ചെലവ് | 2,80,47,459 |
| നീക്കിയിരിപ്പ് | 85,76,174 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | സോഴ്സ് ഡിഡക്ഷൻ | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി/ലാപ്സ്ഡ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 29,54,610 | 10515390 | 1,34,70,000 | 1,34,69,086 | 914(ലാപ്സായി) |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 6,96,442 | 6288558 | 69,85,000 | 67,20,923 | 2,64,077(ലാപ്സായി) |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 0 | 51,10,000 | 51,10,000 | 28,88,502 | 22,21,498(ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 0 | 60,74,000 | 60,74,000 | 28,83,894 | 31,90,106(ലാപ്സായി) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 0 | 0 | 74,868 | 74,868 | 48,097 | 26,771(ലാപ്സായി) |

| | | | | | | |
|---|---|---|---|---|---|---|
| ട്രഷറി | | | | | | |
| 15-ാം ധനകാര്യ കമ്മീഷൻഅവാർഡ് (ടൈഡ്) ബാങ്ക് | 21,629 | 0 | 35,14,000 | 35,35,629 | 34,23,663 | 1,11,966(നീക്കിയിരിപ്പ്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺ ടൈഡ്)ട്രഷറി | 0 | 0 | 11,847 | 11,847 | 0 | 11,847(ലാപ്സായി) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺ ടൈഡ്) ബാങ്ക് | 1,37,989 | 0 | 24,31,472 (പലിശ ഉൾപ്പെടെ) | 25,69,461 | 22,45,589 | 3,23,872(നീക്കിയിരിപ്പ്) (ബാങ്ക്) |

## 1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 6,75,28,376 | 103 | 3,70,61,077 | 32 | 33 | 61.31 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12,763 | 13,88,676 | 14,01,439 | 20,532 | 13,80,907 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,26,72,584 | 5,26,72,584 | 5,26,72,584 | 0 |
| ആകെ | 12,763 | 5,40,61,260 | 5,40,74,023 | 5,26,93,116 | 13,80,907 |

## 1-7 ക്ഷേമ പദ്ധതികൾ

2022-23 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിതവേതനം | 28,440 | 40 |
| കർഷകതൊഴിലാളിപെൻഷൻ | 1,25,50,800 | 1144 |
| വിധവാപെൻഷൻ | 65,35,000 | 662 |
| വാർദ്ധക്യകാലപെൻഷൻ | 1,35,02,000 | 1348 |
| വികലാംഗ പെൻഷൻ | 26,43,800 | 252 |
| അവിവാഹിതപെൻഷൻ | 3,78,600 | 38 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2023 തീയതിയിൽ 3 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,031/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

3. അഡ്വാൻസ് രജിസ്റ്റർ വരവ്, ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ, മരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കുകയും ബജറ്റിൽ വകയിരുത്തലില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുകയും ചെയ്യുന്നു. വിശദവിവരങ്ങൾക്ക് ഖണ്ഡിക 1-2-1 കാണുക.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും

അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ(ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽ ചേർത്തിട്ടുള്ളവയിൽവസ്തുനികുതിമുഖേനയാണ്ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203-ാം വകുപ്പ്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്.

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തകഴി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരവുമുള്ള പ്രതീക്ഷിത വരവും വാർഷികക്കണക്ക് പ്രകാരവുമുള്ള ഡിമാന്റും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം (₹)A | വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം (₹)B-A |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 2300000 | 1825312 | (-)474688 |
| തൊഴിൽ നികുതി (തൻവർഷം) | 950000 | 1005480 | 55480 |
| വാടക വരവ് | 151000 | 108282 | (-)42718 |
| ഫീ & യൂസർ ചാർജ് | 365700 | 445135 | 79435 |
| സെയിൽ & ഹയർ ചാർജസ് | 210000 | 157460 | (-)52540 |

| | | | |
|---|---|---|---|
| | | | |
| പലിശ ലഭിച്ചത് | 300000 | 168305 | (-)131695 |
| മറ്റു വരവുകൾ | 2500 | 24480 | 21980 |
| ആകെ | 4279200 | 3734454 | (-)544746 |

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല. 2022-23 ലെ വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തുകയും വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മറ്റ് പ്രചാരണമാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തതിന്റെ ഫലമായി 100% നികുതി ലഭിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.07.2023-ലെ 7(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഫീൽഡ് പരിശോധന പൂർത്തിയാക്കാതെ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള നികുതി മാത്രമാണ് നിലവിൽ ഈടാക്കി തുടങ്ങാൻ പോകുന്നത്. കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടില്ല.

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സേവന ഉപനികുതിയും സർവ്വീസ് ചാർജ്ജും ഈടാക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ശുപാർയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്. ഓരോ കെട്ടിടവിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, മേഖല വിഭജനം എന്നിവ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേഖലകളെ സംബന്ധിച്ച വിവരങ്ങൾ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവരുടെ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, തുടങ്ങിയവർ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ റേഷൻകട ലൈസൻസികളിൽനിന്നും

എല്ലാ വാർഡുകളിലുമുള്ള കള്ള് ഷാപ്പ് ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ വിഭാഗം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.

ടർഫ്, കേബിൾ ടി.വി. നെറ്റ്വർക്ക് തുടങ്ങിയവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല.
പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവരിൽ സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, റേഷൻകട വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ലഭ്യമാകുന്നില്ല. ഇവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല.
വസ്തു നികുതിയിന്മേൽ സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല. ഈടാക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തിട്ടുമില്ല.
സ്ക്രാപ്പ് ഡീലർമാർ, കാറ്ററിംഗ് സ്ഥാപനങ്ങൾ, ഡ്രൈവിംഗ് സ്കൂൾ, ഇറച്ചിക്കോഴി/ ഇറച്ചിക്കടകൾ, അക്ഷയ സെന്ററുകൾ, പാൽ സൊസൈറ്റികൾ, റേഷൻകടകൾ, വാഹന വർക്ക്ഷോപ്പ്, വാഹന സ്പെയർപാർട്സ്, ബ്യൂട്ടിപാർലർ, സിമന്റ്/കെട്ടിട നിർമ്മാണ സാമഗ്രികൾ വില്പനശാലകൾ തുടങ്ങി ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാരികളും ലൈസൻസ് എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചാൽ നികുതി, നികുതിയേതര വരവുകൾ വർദ്ധിപ്പിക്കാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട പുതിയ കടമുറികളും, കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും, പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ഫലവൃക്ഷങ്ങളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
2. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർനിർണ്ണയിക്കേണ്ടതാണ്.
3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
4. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ്

ശതമാനം പിരിവ് ഉറപ്പ വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

5. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതി 660/- രൂപ തിരികെ ഒടുക്കി

ലൈസൻസ് പരിശോധിച്ചതിൽ ലൈസൻസികളായ വിശ്വനാഥക്കുറുപ്പ് (കെട്ടിട നം-6/39B,) ഹരികൃഷ്ണൻ (കെട്ടിട നം-5/360/361) എന്നിവർ 2022-23 വർഷത്തെ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി 7/18.10.23 മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് 18.10.2023-ൽ രസീത് നമ്പർ 1230100316, 1230100324 എന്നിവ പ്രകാരം യഥാക്രമം 360/-രൂപ, 300/-രൂപ എന്നിങ്ങനെ ആകെ 660/- രൂപ ഒടുക്ക് വരുത്തി.

## 1-12 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

1994-ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

1. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും, റിട്ടേണുകളും പരിശോധിച്ചതിൽ ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കി ഈടാക്കിയപ്പോൾ കുറവ് വന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവന ക്കാരന്റെ പേര് | അർദ്ധ വർഷം | തസ്തിക | ആകെ അർദ്ധ വാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| ഗവ.ആയുർവേദ ആശുപത്രി, കുന്നമ്മ | ഡോ.അനശ്രീ ആർ. | 2 | യോഗ ഇൻസ്ട്രക്ടർ | 29678 | 180 | 120 | 60 |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ

| സ്ഥാപനം,വാർഡ്/കെട്ടിട നമ്പർ | അർദ്ധവർഷം |
|---|---|
| പരുവപ്പറമ്പിൽ ഫിനാൻസ്, കേളമംഗലം 7/19 | 1&2 |

| | |
|---|---|
| കൃഷ്ണ ഗീതം ഫിനാൻസ്, തകഴി 6/41 | 1&2 |
| അമ്പാടി ഫിനാൻസ്, തകഴി | 1&2 |
| കണ്ണാട്ട് ഫിനാൻസ്, തകഴി 13/205 F | 1 |
| വാട്ടർ അതോറിറ്റി, സബ് ഡിവിഷൻ കരുമാടി | 1 |
| പോസ്റ്റ് ഓഫീസ്, കുന്നമ്മ | 2 |

3. സപ്ലൈക്കോ, NFSA എന്നിവയിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ടൂറിസ്റ്റ് വാഹന ഉടമകൾ,റേഷൻ വ്യാപാരികൾ) സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോ എന്നതിനും മേൽ സൂചിപ്പിച്ചവരിൽ നിന്നും നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് (12/19.10.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ്-അപാകതകൾ

1994-ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് പഞ്ചായത്ത് പരിധിയിൽ യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1) റേഷൻകടകൾ
2) പാൽ സൊസൈറ്റികൾ
3) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ(1 എണ്ണം ലൈസൻസ് എടുത്തിട്ടുണ്ട്)
4) സപ്ലൈകോ ,സൂപ്പർ മാർക്കറ്റ്

ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2022-23 ൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് കൃത്യമായി ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | ലൈസൻസി/ സ്ഥാപനം | വാർഡ്/ കെട്ടിട നം. | മോട്ടോറിന്റെ കുതിരശക്തി (അപേക്ഷ പ്രകാരം) | ഈടാക്കിയ മോട്ടോർ റണ്ണിംഗ് ഫീസ് | ഈടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് | കുറവ്/ റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ഹരികൃഷ്ണൻ | 5/360/361 | 30 Hp | -- | 300 | 300 |

1996-ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31.10.2017-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത്. താഴെ പറയുന്ന ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസി/ സ്ഥാപനം | വാർഡ്/ കെട്ടിട നം. | ഈടാക്കിയ ലൈസൻസ് ഫീസ്, രസീത് നം./തീയതി |
|---|---|---|---|
| 1 | മാലിശ്ശേരിൽ ഏജൻസീസ്, തകഴി | 6/39B | 4000/- 12101010235/17.03.2022 |
| 2 | പുതിയാറ ബിൽഡിംഗ് മെറ്റീരിയൽസ്&ടൂൾസ്, തകഴി | 5/216 B C D | 4000/-121010102446 /23.03.2022 |
| 3 | ഫ്രണ്ട്സ് ട്രേഡിംഗ് കമ്പനി, തകഴി | | 2000/-1220100172 /11.05.2022 |

മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/20.10.23) മറുപടി ലഭ്യമായില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-14 മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

കേരളോത്സവം ചെലവുകൾക്കായി ശ്രീ.പ്രസാദ് എൻ., സീനിയർ ക്ലാർക്കിന് ചുവടെ ചേർക്കും പ്രകാരം മുൻകൂർ തുക തനത്ഫണ്ടിൽ നിന്നും നൽകിയിരുന്നു.

20,000/- ചെക്ക് നം. 310143/1011.22

25,000/- ചെക്ക് നം. 310146/19.11.22

ഈ തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/21.10.23) മറുപടി നൽകിയില്ല. ക്രമീകരണ രേഖകളുടെ അഭാവത്തിൽ 45,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ സൊസൈറ്റിയിൽ അവശേഷിക്കുന്നു

സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സസ്പെന്റ് ചെയ്യപ്പെടുന്നതുവരെയുള്ള കാലയളവിൽ തുക സൊസൈറ്റിയ്ക്ക് കൈമാറിയിട്ടുള്ളതായും ടി തുക ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ

താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/മേൽവിലാസം | പെൻഷൻ തരം /ഐ.ഡി | പെൻഷൻ സസ്പെൻഡ് ചെയ്ത തിയതി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കുട്ടപ്പൻ | കർഷക തൊഴിലാളി പെൻഷൻ 104540101361 | 19.10.22 | 10/2021 മുതൽ 9/2022 വരെ (1600*12) 19,200/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 2 | പെണ്ണമ്മ | കർഷക തൊഴിലാളി പെൻഷൻ 104540100831 | 19.10.22 | 5/2020 മുതൽ 9/2022 വരെ (2600*2 1400*4 1500*3 1600*18) 44,100/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 3 | കാർത്ത്യായനി | കർഷക തൊഴിലാളി പെൻഷൻ 104540100557 | 19.10.22 | 1/2022 മുതൽ 9/2022 വരെ (1600*9) 14,400/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 4 | ചന്ദ്രപ്പൻ | കർഷക തൊഴിലാളി പെൻഷൻ 104540100750 | 19.10.22 | 7/2021 മുതൽ 9/2022 വരെ (1600*15) 24,000/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 5 | തങ്കപ്പൻ | കർഷക തൊഴിലാളി പെൻഷൻ 104540100897 | 20.10.22 | 10/2020 മുതൽ 9/2022 വരെ (1400*3 1500*3 1600*18) 37500/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 6 | പൊന്നമ്മ | കർഷക തൊഴിലാളി പെൻഷൻ 104540100842 | 19.10.22 | 9/2021മുതൽ 9/2022 വരെ (1600*13) 20,800/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 7 | ജാനമ്മ | കർഷക തൊഴിലാളി പെൻഷൻ 104540100788 | 19.10.22 | 10/2021 മുതൽ 9/2022 വരെ (1600*12) | സൊസൈറ്റിയ്ക്ക് കൈമാറി |

| | | | | | |
|---|---|---|---|---|---|
| | | | | 19,200/-രൂപ | |
| 8 | ചന്ദ്രമതി | കർഷക തൊഴിലാളി പെൻഷൻ 104540100757 | 20.10.22 | 11/2020 മുതൽ 9/2022 വരെ (1400*2 1500*3 1600*18) 36,100/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 9 | നാരായണപിള്ള | കർഷക തൊഴിലാളി പെൻഷൻ 104540100010 | 19.10.22 | 12/2020 മുതൽ 9/2022 വരെ (1400*1 1500*3 1600*18) 34,700/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |

പ്രസ്തുത കാലയളവിൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ലാത്തതും എന്നാൽ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിവരങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക്(28/21.10.23) മറുപടിയായി വിതരണം നടത്താത്ത തുക തിരികെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം, ഹെഡ് ഓഫീസ് ബ്രാഞ്ചിലെ നമ്പർ 110110801000251 (ഐ.എഫ്.എസ്.സി കോഡ്-KSBK0000101) എന്ന അക്കൌണ്ടിലേക്ക് അടവാക്കുന്നതാണെന്ന് അറിയിച്ചു. വിതരണം ചെയ്യപ്പെടാത്ത തുക തിരികെ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-16 സാമൂഹ്യ ക്ഷേമ പെൻഷൻ - മരണശേഷവും ബാങ്ക് അക്കൌണ്ടിലേക്ക് തുക നൽകി

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർ ലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ ബാങ്ക് അക്കൌണ്ടുവഴി പെൻഷൻ വാങ്ങുന്നവരുടെ മരണശേഷം ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല എന്നു കാണുന്നു. തന്മൂലം ദേശസാൽകൃത ബാങ്കുകൾ വഴി പെൻഷൻ കൈപ്പറ്റുന്നവരുടെ അക്കൌണ്ടിലേക്ക് പെൻഷണറുടെ മരണശേഷവും തുക വിതരണം ചെയ്തതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/മേൽവിലാസം | പെൻഷൻ തരം /ഐ.ഡി | മരിച്ച തിയതി | നൽകിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | വിജയമ്മ കെ | വാർദ്ധക്യകാല പെൻഷൻ 339466637087 | 5.1.23 | 2/2023 മുതൽ 4/2023 4,800/-രൂപ | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 2 | ശാന്തമ്മ | കർഷക തൊഴിലാളി പെൻഷൻ 557496358319 | 29.8.22 | 9/2022 -11/2022 4,800/-രൂപ | " |
| 3 | ബ്രിജിത് മാത്യു | കർഷക | 26.8.22 | 9/2022-4/2023 | |

| | | | | | |
|---|---|---|---|---|---|
| | | തൊഴിലാളി പെൻഷൻ 324424302046 | | വരെ 12,800/-രൂപ | |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 22,400/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

1-17 മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ - തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല, ചെലവഴിക്കുന്നതിൽ കാലതാമസം

31.05.22-ലെ ജി.ഒ.(എം.എസ്.)1346/2022/LSGD ഉത്തരവിൽ ശുചിത്വമിഷൻ ഫണ്ട് ലഭിക്കാൻ കാലതാമസമുണ്ടായാൽ പിന്നീട് റീക്യൂപ്പ് ചെയ്യാമെന്ന വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കാൻ അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം പതിന്നാല് വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 1,40,000/- (വാർഡ് ഒന്നിന് 10,000/- വീതം) രൂപയും തനത്ഫണ്ട് വിഹിതമായി 70,000/- (വാർഡ് ഒന്നിന് 5,000/- വീതം) രൂപയും ചുവടെ ചേർക്കും പ്രകാരം വാർഡ്തലസാനിട്ടേഷൻസമിതികൾക്ക് 2022-23 വർഷം പിൻവലിച്ച് നൽകിയിട്ടുണ്ട്.

70,000/- (ചെക്ക് നം. 309962/01.06.22)
1,40,000/- (ചെക്ക് നം. 025137/06.07.22)

01.08.2022-ലാണ് വാർഡ് ഒന്നിന് 15,000/- രൂപ വീതം വാർഡ്തല സാനിട്ടേഷൻസമിതി അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. സാനിട്ടേഷൻസമിതികളുടെ പാസ്ബുക്ക്, ചെലവ് രേഖകൾ എന്നിവ പരിശോധിച്ചതിൽ മിക്ക വാർഡുകളിലും തുക യഥാസമയം ചെലവഴിക്കുകയോ പൂർണ്ണമായും ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.
എ) തുക പൂർണ്ണമായും ചെലവഴിക്കാത്തത് -

| വാർഡ് നം. | ചെലവഴിച്ച തുക | ചെക്ക് നം., തീയതി | ചെലവഴിക്കാനുള്ളത് | റിമാർക്സ് |
|---|---|---|---|---|
| II | 5,000/- | 10203675/ 03.04.23 | 10,000/- | 2023-24 വർഷം ചെലവ് |
| III | 5,000/- | 10139074/ 04.02.23 | 10,000/- | |
| IV | 5,000/- | 10127177/ 03.02.23 | 10,000/- | |
| VI | 10250/- | 1450/- 10099469/ 19.04.23<br>8800/- 10099470/ 01.08.23 | 4750/- | 2023-24 വർഷം ചെലവ് |
| VII | 15,000/- | 10180288/ 26.05.23 | 10,000/- | 2021-22 വർഷം ശുചീകരണ |

| | | | | |
|---|---|---|---|---|
| | | | | പ്രവർത്തനത്തിന് അനുവദിച്ച 10,000/-രൂപ ചെലവഴിക്കാതെ അക്കൌണ്ടിൽ ഉണ്ടായിരുന്നു. ഇതുൾപ്പടെ ആകെ ഉണ്ടായിരുന്ന 25,000/-രൂപയിൽ 2023-24 വർഷം 15,000/- ചെലവഴിച്ചത്. |
| XIII | 9340/- | 5000 -10202421/ 08.05.23<br>4340/- 10202422/ 18.05.23 | 5660/- | 2023-24 വർഷം ചെലവ് |
| XII | 8028/- | 10099488/ 19.04.23 | 6972 | 2023-24 വർഷം ചെലവ് |

തുക ചെലവഴിച്ചതിൽ കാലതാമസം –

വാർഡ് I – 15,000/- (10115068/27.07.23) രൂപയും 2023-24 വർഷമാണ് ചെലവഴിച്ചത്.

വാർഡ് X – 2021- 22, 2022-23 വർഷങ്ങളിലെ തുക (25,000/-101653/15.03.23) ഒരുമിച്ച് 15.03.23ൽ പിൻവലിച്ചാണ് ചെലവഴിച്ചത്.

വാർഡ് VIII – 2021-22 വർഷത്തെ 10,000/-, 2022-23 വർഷത്തെ 5,000/- ഉൾപ്പെടെ 15,000/- രൂപ (10133640/17.11.22) 2022-23 ലും ബാക്കി 10,000/- (10133641/ 12.04.23) 2023-24ലും ആണ് ചെലവഴിച്ചത്.

അഞ്ച്. പതിന്നാല് വാർഡുകളിലും തുക വിനിയോഗിച്ചതിൽ കാലതാമസം വന്നു.

2,3,4,10 വാർഡുകളിൽ ജെ.പി.എച്ച്.എൻ.മാരുടെ പോസ്റ്റ് ഒഴിവായിരുന്നതിനാലും 6,7,12 വാർഡുകളിൽ സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ എംപ്ലോയ്മെന്റിൽ നിന്നുള്ള നിയമനം ആയിരുന്നതിനാലും ആണ് തുക യഥാസമയം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതിരുന്നതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (11/19.10.2023) മറുപടി നൽകിയത്. പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ശുചീകരണപ്രവർത്തനങ്ങൾ, കൊതുകുനിവാരണ പ്രവർത്തനങ്ങൾ എന്നിവ സമയബന്ധിതമായി നടത്തുന്നതിനായി അനുവദിക്കുന്ന തുക കൃത്യമായും ഈ ആവശ്യത്തിലേക്കായി യഥാസമയം വിനിയോഗിക്കപ്പെടുന്നു എന്ന് മെഡിക്കൽ ഓഫീസറും ബന്ധപ്പെട്ട വാർഡുകളിലെ ജനപ്രതിനിധികളും ഉറപ്പാക്കേണ്ടതാണ്.

1-18 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - അപാകത

പ്രോജക്ട് നം. - S0212/23

പ്രോജക്ടിന്റെപേര് - സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 1,00,000 | 99,941 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1,99,000 | 1,99,000 |
| ആകെ | 2,99,000 | 2,98,941 |

അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ പുഞ്ച സെക്ഷൻ, തകഴി അംഗീകരിച്ച് നൽകിയ എസ്റ്റിമേറ്റിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|
| Estimate For Adding 1043 Mtr One Conductor, Construction Of 240 Mtr 1ph 2 Wire Line And Providing Street Light Controll Box Under WardNo-7 & 8,14 | 2,98,941.20 |

തുക കെ.എസ്.ഇ.ബി.യുടെ 57032606308 നം. അക്കൌണ്ടിൽ നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നം./തീയതി | നൽകിയ തുക |
|---|---|
| 272/28.03.23 | 1,99,000 |
| 35/31.03.23 | 99,941 |
| ആകെ | 2,98,941 |

അപാകതകൾ ചുവടെ കൊടുക്കുന്നു.

1) കെ.എസ്.ഇ.ബി. യുമായി 2023 ജൂൺ 20 ന് ചമച്ച കരാറിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

2) കരാറിൽ പ്രവൃത്തി ആരംഭിക്കുന്ന തീയതി, പൂർത്തീകരണ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3) വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 15/20.10.23) മറുപടി ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 2,98,941 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്- കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ, പദ്ധതിയോടനുബന്ധിച്ച് നടപ്പിലാക്കേണ്ട സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് കോട്ട് ചെയ്തിട്ടുള്ള ബിനു കെ. എന്നയാൾക്ക് നൽകിയിട്ടുള്ളതായി കാണുന്നു. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 14.9.2018-ലെ 2679/EGS/17/REGS കത്തിലെ നിർദ്ദേശ പ്രകാരം ഓരോ ഗ്രാമ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെ തൊഴിലുറപ്പ് പദ്ധതികളുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിരുന്നു. കൂടാതെ ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പുകൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. പ്രസ്തുത ഗ്രൂപ്പുകൾക്ക് ആവശ്യമായ മൂലധനം നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമ/ബ്ലോക്ക് തലത്തിൽ സ്വീകരിക്കേണ്ടതാണ്. ഓരോ ഗ്രാമപഞ്ചായത്തിലും കുറഞ്ഞത് 100 തൊഴിലുറപ്പ് പദ്ധതികൾ എങ്കിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന്റെ ചുമതല ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലത്തിൽ സന്നദ്ധരായ ഒരു ഗ്രൂപ്പിനെ ഏല്പിക്കുമ്പോൾ പ്രസ്തുത ഗ്രൂപ്പിന് വർഷത്തിൽ കുറഞ്ഞത് 5 ലക്ഷം രൂപയുടെയെങ്കിലും ടേൺ ഓവർ ഉണ്ടാകുന്നതാണ്. ഇത് അവരുടെ ഉപജീവനത്തെ സഹായിക്കും എന്ന വ്യക്തമായ നിർദ്ദേശം ഉണ്ടായിരുന്നിട്ടും തകഴി ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. നിലവിലും ടെണ്ടർ മുഖാന്തിരമാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചുവരുന്നത്. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ നിർദ്ദേശങ്ങൾക്ക് യാതൊരു വിലയും കല്പിക്കാതെ ഈ നിർദ്ദേശാനുസരണമുള്ള യാതൊരു നടപടികളും കൈക്കൊള്ളാതെ പദ്ധതി നടപ്പിലാക്കുന്നത് ഉചിതമായ നടപടിയല്ല. ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മാണം ഏല്പിക്കുന്നതുവഴി പ്രസ്തുത യൂണിറ്റിലെ ഓരോ അംഗത്തിന്റേയും പ്രതിശീർഷ വരുമാനം വർദ്ധിക്കുന്നതിനും ഇത് അവരുടെ ക്രയശേഷി വർദ്ധിപ്പിക്കുകയും ഭൗതീക ജീവിത നിലവാരം ഉയരുന്നതിനും അതുവഴി സമൂഹത്തിന്റെ തന്നെ ഉന്നമനത്തിന് വഴിയൊരുക്കുന്നതുമായ മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അനുകൂലമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (25/20.1023) ലഭ്യമാക്കിയ മറുപടിയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സംബന്ധിച്ച് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ കുടുംബശ്രീ യൂണീറ്റുകളേയും അറിയിച്ചിരുന്നെന്നും എന്നാൽ കുടുംബശ്രീ യൂണീറ്റുകളൊന്നും തന്നെ സന്നദ്ധരായി വന്നിരുന്നില്ല എന്നും അറിയിച്ചു. ഇത് അംഗീകരിക്കാവുന്നതല്ല. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ പരാമർശിത കത്തിൽ സൂചിപ്പിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മാണം കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ നിയമനം -രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം ദിവസവേതന അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. വേതനം അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | വേതനം | ചെക്ക് നം., തീയതി |
|---|---|---|
| 01/22 മുതൽ 04/22 വരെ | 27,600/- | 309966/27.05.22 |
| 05/22 | 9,200/- | 309968/08.06.22 |
| 06/22 | 10,000/- | 310015/11.07.22 |
| 07/22 | 10,000/- | 310024/04.08.22 |
| 08/22 | 9,000/- | 5499959/01.09.22 |

| | | |
|---|---|---|
| 09/22 | 6,000/- | 5499961/01.10.22 |
| 10/22 | 8,400/- | 5499963/01.11.22 |
| 11/22 | 9,200/- | 5499965/01.12.22 |
| 12/22 | 8,800/- | 5499968/01.01.23 |
| 01/23 | 8,800/- | 5499970/01.02.23 |
| 02/23 | 8,350/- | 5499972/01.03.23 |
| ആകെ | 1,15,350/- | |

ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ച് ലഭ്യമാക്കിയ സേവനത്തിന്റെ വിവരം, ബന്ധപ്പെട്ട സർക്കാർ ഉത്തരവ്, പഞ്ചായത്ത് ഭരണസമിതി തീരുമാനം, നിയമനത്തിനായി ഏർപ്പെട്ട കരാർ എന്നിവയുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/21.10.23) മറുപടി നൽകിയില്ല. നിയമനവുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വേതനം ഇനത്തിൽ അനുവദിച്ച 1,15,350/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 കോവിഡ് ഇൻസെന്റീവ് - തുക വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

പ്രോജക്ടിന്റെ പേര് – പാലിയേറ്റീവ് പരിചരണം

പ്രോജക്ട് നം. S0022/23

എ) ഫണ്ട് - വികസനഫണ്ട്

അടങ്കൽ 2,50,000/-

ചെലവ് - 2,50,000/-

ബി) ബ്ലോക്ക് പഞ്ചായത്ത് വിഹിതം

അടങ്കൽ 3,00,000/-

ചെലവ് - 2,99,993/-

പാലിയേറ്റീവ് കെയർ നഴ്സിന് 2021 മാർച്ച് മാസം മുതൽ 2022 മാർച്ച് മാസം വരെയുള്ള 13 മാസത്തെ കോവിഡ് ഇൻസെന്റീവ് ആയി 13,000/-രൂപ (146370/- ബിൽ നം.2/16.08.22) മേൽ പദ്ധതിയിലുൾപ്പെടുത്തി നല്കിയിട്ടുണ്ട്. സ.ഉ(സാധാ)നം.1820/2020/ത.സ്വ.ഭ.വ തീ.05.10.2020, സ.ഉ(സാധാ)നം.634/2022/LSGD തീ.15.03.2022 ഉത്തരവുകൾ പ്രകാരം ഇതിനാവശ്യമായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. തനത്ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പകരമായി വികസന ഫണ്ടിൽ നിന്നാണ് പ്രോജക്ടിൽ തുക ചെലവഴിച്ചിരിക്കുന്നത്. പ്രസ്തുത ചെലവ് വികസന ഫണ്ടിൽ നിന്നും അനുവദിക്കാൻ സർക്കാർ അനുമതിയുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനും ഇല്ല എങ്കിൽ സർക്കാർ അനുമതിയില്ലാതെ വികസന ഫണ്ടിൽ നിന്നും ഈ ആവശ്യത്തിലേയ്ക്ക് തുക ചെലവഴിക്കാനുണ്ടായ കാരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.1/17.10.23) മറുപടിയിൽ തുക വികസനഫണ്ടിൽ നിന്നും ചെലവഴിക്കാമെന്ന് കരുതിയാണ് ഇപ്രകാരം ചെലവിട്ടത് എന്ന് അറിയിച്ചു. സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ശരിയായ

നടപടിയല്ല. വികസന ഫണ്ടിൽ നിന്നും ഈയിനത്തിന് തുക ചെലവഴിക്കാൻ അനുമതിയില്ലാത്തതിനാൽ ചെലവ് തുക 13,000/-രൂപ തനത് ഫണ്ടിൽ നിന്നും വികസന ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. തുക തനത് ഫണ്ടിൽ നിന്നും തിരികെ ഒടുക്കി രേഖകൾ ഹാജരാക്കുന്നത് വരെ 13,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം. - S 0195/23

പ്രോജക്ടിന്റെപേര് - 12-ാം വാർഡിൽ സ്മിജി മൻസിൽ മുതൽ വടക്കോട്ട് ഉള്ള റോഡിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 17,000 | 17,000 |
| തനത് ഫണ്ട് | 13,000 | 9,495 |
| ആകെ | 30,000 | 26,495 |

12-ാം വാർഡിൽ സ്മിജി മൻസിൽ മുതൽ വടക്കോട്ടുള്ള റോഡിൽ റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന 3 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ സെക്രട്ടറി, തകഴി കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് 30.12.22-ൽ Sc1-101/2022 നമ്പർ കത്തും 16.02.23-ൽ ഇതേ നമ്പർ ഓർമ്മക്കുറിപ്പും നൽകി. ആയതിന് 25.03.23-ൽ പ്രസ്തുത പ്രവൃത്തിയ്ക്ക് 26,495 രൂപയുടെ Demand Cum Intimation Notice അസിസ്റ്റന്റ് എഞ്ചിനീയർ നൽകി. ആയത് പ്രകാരം കെ.എസ്.ഇ.ബി.യുടെ 57032606308 നം. അക്കൌണ്ടിൽ തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നം./ചെക്ക് നം./തീയതി | നൽകിയ തുക |
|---|---|
| 36/31.03.23 | 17,000 |
| 310287/30.03.23 | 9,495 |
| ആകെ | 26,495 |

തുടർന്ന് പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ, സെക്രട്ടറി, തകഴി കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് 05.04.23-ൽ Sc1-1699/23 കത്ത് നൽകി.

അപാകതകൾ ചുവടെ കൊടുക്കുന്നു.

1) എസ്റ്റിമേറ്റ് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

2) പ്രവൃത്തി ചെയ്തതിന്റെ രേഖകൾ ഇല്ല.

3) വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 16/20.10.23) മറുപടി ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 26,495

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 ജൽജീവൻ മിഷന് തുക അടവാക്കൽ

പ്രോജക്റ്റ് നം. - S 0190/23

പ്രോജക്ടിന്റെപേര് - ജൽജീവൻ മിഷന് തുക അടവാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 1,00,000 | 1,00,000 |

ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷനുകൾ നൽകുന്നതിലേയ്ക്കായുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ 1,00,000 രൂപ മാനേജിംഗ് ഡയറക്ടർ, KWA മെമ്പർ സെക്രട്ടറി, SWSM പ്രോഗ്രാം അക്കൌണ്ട്, കവടിയാർ, തിരുവനന്തപുരത്തിന്റെ 00000067119741187 നമ്പർ അക്കൌണ്ടിൽ നൽകി. തുടർ വിവരങ്ങൾ ഫയലിൽ ഇല്ല. തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 27/20.10.23) മറുപടി ഹാജരാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ

പ്രോജക്റ്റ് നം. - S 0002/23

പ്രോജക്ടിന്റെപേര് - 1,2,13,14 വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്ന പൊട്ടിയ പ്രധാന പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 1,10,000 | 1,10,000 |

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, തിരുവല്ല അംഗീകരിച്ച് നൽകിയ എസ്റ്റിമേറ്റിന്റെ വിവരം ചുവടെ കൊടുക്കുന്നു.(EST NO.2022/26346)

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|
| Replacing The Damaged 110mm Old HDPE Pipeline From The West Of Hospital Junction Towards Kalathil Palam Along Ambalappuzha-Thiruvalla State Highway In Ward No.14 | 1,10,000 |

ടി എസ്റ്റിമേറ്റ് അനുസരിച്ച് 1,10,000/- രൂപ വാട്ടർ അതോറിറ്റിയുടെ 39220001101306‌37നം.അക്കൌണ്ടിലേക്ക് ബിൽ നമ്പർ 89/29.11.22 പ്രകാരം നൽകിയിട്ടുണ്ട്.

അപാകത ചുവടെ കൊടുക്കുന്നു.

1) എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി 22.12.22-ൽ ചമച്ച കരാറിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

2) കരാർ വ്യവസ്ഥ 6-ൽ പ്രവൃത്തി ആരംഭിക്കുന്ന തീയതി, പൂർത്തിയാക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3) വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.29/21.10.23) മറുപടി ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 1,10,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 പൈപ്പ്ലൈൻ നവീകരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം - S 0185/23

പ്രോജക്ടിന്റെപേര് - വിവിധ വാർഡുകളിലെ കെ.ഡബ്ലിയു.എ. കുടിവെള്ള പദ്ധതി-പൈപ്പ്ലൈൻ നവീകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 7,96,800 | 7,96,400 |

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, തിരുവല്ല അംഗീകരിച്ച് നൽകിയ എസ്റ്റിമേറ്റിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| എസ്റ്റിമേറ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| EST/3747 /23-26-2-1 | Replacing Of Damaged 90mm Pvc Line With New 90mm Pvc Line From Society Junction Towards East Upto Thekkeputhanpura House (150m) In Ward No.6(including Thodu Crossing) | 1,72,200 |
| EST/3747 /23-26-3-2 | Replacing Of Damaged 90mm Pvc Line With New 90mm Pvc Line From Mullasery Veedu Near Kelamangalam Church Towards West (100m) In Ward No.7 | 1,28,200 |
| EST/3747 /23-26-4-3 | Replacing Of Damaged 63mm Pvc Line With New 90mm Pvc Line From Konthenkary Bridge Towards West (130m) In Ward No.12(including Thodu Crossing And Canal Crossing) | 1,74,000 |
| EST/3747 /23-26-1-1 | Replacing Of Damaged 160mm Pvc Line With New 160mm Pvc Line Near Padaharam Bridge In Ward No.3 | 3,22,000 |

| | |
|---|---|
| TOTAL | 7,96,400 |

തുക വാട്ടർ അതോറിറ്റിയുടെ 3922000110130637നം.അക്കൌണ്ടിൽ നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നം./തീയതി | നൽകിയ തുക |
|---|---|
| 228/18.03.23 | 7,96,400 |

അപാകത ചുവടെ കൊടുക്കുന്നു.

1) എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി 22.03.23-ൽ ചമച്ച കരാറിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

2) കരാറിൽ പ്രവൃത്തി ആരംഭിക്കുന്ന തീയതി, പൂർത്തിയാക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3) വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.30/21.10.23) മറുപടി ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 7,96,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 സമഗ്ര നെൽകൃഷി വികസനം - അപാകത

പ്രോജക്ട് നം. - S0109/23

പ്രോജക്ടിന്റെപേര് - സമഗ്ര നെൽകൃഷി വികസനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(പൊതുവിഭാഗം) | 19,00,000 | 19,00,000 |

ചെലവ് -ബിൽ നം.1/22-23/22.12.22 തുക.1900000/-

Kerala State Seed Development Authority,Thrissur ന് 18,28,000 രൂപയും (1468225 +359775) Dept.of Seed Science & Technology,Vellanikkara യ്ക്ക് 72,000 രൂപയും നൽകി.

Kerala State Seed Development Authority, Thrissur നിന്നും, Dept.of Seed Science & Technology,Vellanikkara നിന്നും നെൽവിത്ത് വാങ്ങി വിവിധ പാടശേഖരങ്ങൾക്ക് 100kg/ha നിരക്കിൽ സബ്സിഡി നെൽവിത്ത് നൽകിയിട്ടുണ്ട്.
KSSDAയിൽ നിന്നും വാങ്ങി വിതരണം ചെയ്തതിൽ, ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ അപാകതയുള്ളതിന്റെ വിവരം താഴെ ചേർക്കുന്നു.

| പത്രിക പ്രകാരം പാടശേഖരത്തിന്റെ ആകെ വിസ്തൃതി | നൽകിയ നെൽവിത്തിന്റെ അളവ് @100kg/Ha | @₹.13/kgനിരക്കിൽ KSSDAക്ക് അനുവദിക്കാവുന്ന തുക | @₹.13/kgനിരക്കിൽ KSSDAക്ക് അനുവദിച്ച തുക | KSSDAക്ക് അധികം അനുവദിച്ച തുക |
|---|---|---|---|---|
| 1126.18 | 112367 | 112367X13=1460771 | 1468225 | 7454 |

ഐവേലിക്കാട് പാടശേഖരസമിതിക്ക് നൽകിയ നെൽവിത്തിന്റെ സബ്സിഡി നിരക്ക് നിർണ്ണയിച്ചതിലെ വ്യത്യാസമാണ് മേൽ അപാകതയ്ക്ക് കാരണം. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പാടശേഖരത്തിന്റെ പേര് | പാടശേഖരത്തിന്റെ ആകെ വിസ്തൃതി | നൽകിയ നെൽവിത്തിന്റെ അളവ് @100kg/Ha | @₹.13/kgനിരക്കിൽ KSSDAക്ക് അനുവദിക്കാവുന്ന തുക | @₹.13/kgനിരക്കിൽ KSSDAക്ക് അനുവദിച്ച തുക | KSSDAക്ക് അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| Aivelikkadu | 100.2 | 10020 | 10020X13=130260 | 137714 | 7454 |

2) സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28/05/2022 6.1.4 പ്രകാരം നെല്ല് വാങ്ങി നൽകുന്നതിനുള്ള പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം.

എന്നാൽ വ്യത്യസ്ത നിരക്കിലാണ് സബ്സിഡി അനുവദിച്ച് നൽകിയത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

KSSDA യിൽ നിന്നും വാങ്ങിയ നെൽവിത്ത് സബ്സിഡി നിരക്ക് 13 /Kg എന്ന് രേഖപ്പെടുത്തിയാണ് വിവിധ പാടശേഖരങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

| പാടശേഖരത്തിന്റെ ആകെ വിസ്തൃതി | നൽകിയ നെൽവിത്തിന്റെ അളവ് @100kg/Ha | @₹.13/kgനിരക്കിൽ KSSDAക്ക് അനുവദിക്കാവുന്ന തുക | @₹.13/kgനിരക്കിൽ KSSDAക്ക് അനുവദിച്ച തുക | KSSDAക്ക് അധികം അനുവദിച്ച തുക |
|---|---|---|---|---|
| 1126.18 | 112367 | 1460771 | 1468225 | 7454 |

KSSDA, Dept.of Seed Science & Technology എന്നിവിടങ്ങളിൽ നിന്നും വാങ്ങിയ നെൽവിത്ത് സബ്സിഡി നിരക്ക് 10 Rs/kg എന്ന് രേഖപ്പെടുത്തിയാണ് വിവിധ പാടശേഖരങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

| ഏജൻസി | പാടശേഖരത്തിന്റെ ആകെ വിസ്തൃതി | നൽകിയ നെൽവിത്തിന്റെ അളവ് @100kg/Ha | @₹.10/kgനിരക്കിൽ KSSDAക്ക് അനുവദിച്ച തുക |
|---|---|---|---|
| KSSDA | 391.06 | 35977.50 | 359775 |
| Dept.of Seed Science & Technology | 72 | 7200 | 72000 |

പുഞ്ച കൃഷിക്ക് വിതരണം ചെയ്ത വിത്തിന് കിലോയ്ക്ക് 13 രൂപ പ്രകാരവും രണ്ടാംകൃഷിക്ക് വിതരണം ചെയ്ത വിത്തിന് കിലോയ്ക്ക് 10 രൂപ പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചു.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/19.10.23) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി നിരക്ക് നൽകിയതിൽ ഐവേലിക്കാട് പാടശേഖരത്തിന്

പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 7,454 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-27 മുണ്ടുചിറ കോളനി കുഴൽക്കിണർ നിർമ്മാണം - അപാകത

പ്രോജക്ട് നം. - S 0001/23

പ്രോജക്ടിന്റെപേര് -ആറാം വാർഡിൽ മുണ്ടുചിറ കോളനി കുഴൽക്കിണർ നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 8,50,000 | 4,98,000 |

ആറാം വാർഡിൽ മുണ്ടുചിറ കോളനി കുടിവെള്ള പദ്ധതി പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പുതുതായി ഒരു കുഴൽക്കിണർ കുഴിക്കാൻ ഭൂജല വകുപ്പ് ജില്ലാ ഓഫീസർ 4,98,000 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. (Estimate For 150mm Tube Well Construction) ആയത് പ്രകാരം ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ 40554900025 നമ്പർ അക്കൌണ്ടിൽ 4,98,000 രൂപ നൽകി. (ബിൽ നം.90/29.11.22 )

അപാകത ചുവടെ ചേർക്കുന്നു.

1) കരാർ ചമച്ചിട്ടില്ല.
2) പ്രവൃത്തി നടപ്പിലാക്കിയതിന്റെ രേഖയില്ല.
3) വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 24/20.10.23) മറുപടി ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 4,98,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
പ്രോജക്ടിന്റെ പേര് – പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. S0012/23

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

അടങ്കൽ 2,00,000/-

ചെലവ് - 2,00,000/-

ബിൽ നം., തീയതി 8/14.11.2022

മരുന്നുകൾക്കായി കെ.എം.എസ്.സി.എൽ. ന് 2,00,000/- രൂപ നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭിച്ചതിന്റെയും സ്റ്റോക്കിൽ ചേർത്തതിന്റെയും രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.1/17.10.23) മറുപടിയിൽ 1,13,829/- രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചതെന്ന് അറിയിച്ചു. ബാക്കി 86,171/-രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ രേഖപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

1-29 ലൈഫ് ഭവന നിർമ്മാണം(എസ്.സി) -പ്രവൃത്തി അരംഭിച്ചിട്ടില്ല

2022-23 സാമ്പത്തികവർഷം വി.ഇ.ഒ.തകഴി നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയിട്ട് പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്റ്റ് നം. –S0050/23

പ്രോജക്റ്റിന്റെ പേര് - ലൈഫ് ഭവന നിർമ്മാണം(എസ്.സി)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(എസ്.സി.പി) | 13,40,060 | 13,40,060 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 10,00,000 | 90,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 10,00,000 | 2,19,940 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 10,00,000 | 0 |
| മറ്റുള്ളവ | 10,00,000 | 0 |
| ആകെ അടങ്കൽ | 53,40,060 | 16,50,000 |

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും, തുക മാറി നൽകിയ ബില്ലുകളും, അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| 1 | കനകമ്മ സി.കെ.<br>സുരേഷ് ഭവനം<br>തെന്നടി, വാർഡ്-4 | 40,000 | 2/22-23 /02.09.22 |
| 2 | തങ്കമ്മ<br>പുത്തൻപുര<br>തകഴി, വാർഡ്-6 | 40,000 | |
| 3 | ലീല<br>പുത്തൻതറ<br>ചെക്കിടിക്കാട്<br>തകഴി, വാർഡ്-8 | 40,000 | 3/22-23 /06.10.22 |
| 4 | ബൈജു കെ.<br>അരയൻപറമ്പ്<br>തെന്നടി, വാർഡ്-4 | 40,000 | 5/22-23 /19.12.22 |
| 5 | കമലാക്ഷി<br>കസ്തൂർബാകോളനി<br>തെന്നടി, വാർഡ്-4 | 40,000 | 8/22-23 /17.03.23 |
| 6 | മനോജ് ബി.<br>മനോജ് ഭവനം<br>തകഴി, വാർഡ്-14 | 40,000 | |
| 7 | ബാലകൃഷ്ണൻ ഇ.ആർ.<br>ഇരുപത്തിനാലിൽ ചിറ<br>ചെക്കിടിക്കാട് | 40,000 | |

| | | | |
|---|---|---|---|
| | തകഴി, വാർഡ്-8 | | |
| 8 | സനിമോൾ<br>ഇരുപതിൽ ചിറ<br>തകഴി, വാർഡ്-14 | 20,060 | |
| | | 19940 | 11/22-23<br>/24.03.23 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/17.10.23), മനോജ് ബി. എന്ന ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിന് കുടുംബാംഗങ്ങൾ സാവകാശം ചോദിച്ചു. ലീല എന്ന ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിച്ചു. ബൈജു കെ., ബാലകൃഷ്ണൻ ഇ.ആർ. എന്നിവർ അടിത്തറ പണി പൂർത്തിയാക്കി. അവശേഷിക്കുന്ന 4 ഗുണഭോക്താക്കളും ഉടനെ തന്നെ പ്രവൃത്തി ആരംഭിക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-30 ലൈഫ് ഭവന നിർമ്മാണം-ജനറൽ -പ്രവൃത്തി പൂർത്തിയാക്കിയില്ല

പ്രോജക്ട് നം. -S0049/23

പ്രോജക്ടിന്റെ പേര് - ലൈഫ് ഭവന നിർമ്മാണം-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ -വി.ഇ.ഒ. കുന്നമ്മ സർക്കിൾ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 15,57,295 | 12,38,900 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 30,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 10,00,000 | 3,30,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 10,00,000 | 0 |
| മറ്റുള്ളവ | 20,00,000 | 5,60,000 |
| ആകെ അടങ്കൽ | 85,57,295 | 21,28,900 |

ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും, തുക മാറി നൽകിയ ബില്ലുകളും, അനുബന്ധരേഖകളും പരിശോധിച്ചതിൽ 2018-19 മുതൽ തുക കൈപ്പറ്റിയിട്ടും ജഗദമ്മ, വലിയപറമ്പിൽ, കുന്നമ്മ എന്ന ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം മേൽ പ്രോജക്ടിൽ നിന്നും 50,000 രൂപ ഗുണഭോക്താവിന് നൽകിയതുൾപ്പടെ നാളിതുവരെ ഗുണഭോക്താവ് കൈപ്പറ്റിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| തുക കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|
| 26.06.2018 | 40,000 | 33/19-19/26.06.18 |

| | | |
|---|---|---|
| 03.07.2019 | 1,60,000 | ലഭ്യമല്ല/03.07.19 |
| 17.06.2021 | 1,00,000 | ലഭ്യമല്ല/17.06.21 |
| 30.03.23 | 50,000 | 24/22-23/30.03.23 |
| ആകെ | 3,50,000 | |

പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം എന്നിവ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/18.10.23), ഗുണഭോക്താവ് ആശുപത്രിയിൽ ആയിരുന്നതിനാലും സാമ്പത്തിക ബുദ്ധിമുട്ട് കാരണവും പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. ആയത് ഉടൻ പൂർത്തീകരിക്കാം എന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 വൃദ്ധർക്ക് കട്ടിൽ വിതരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്.സൂപ്പർവൈസർ

എ) പ്രോജക്ട് നം – S0069/23

പ്രോജക്ടിന്റെ പേര് - വൃദ്ധർക്ക് കട്ടിൽ (ജനറൽ)

അടങ്കൽ -വികസന ഫണ്ട് - 465450/-, ചെലവ്- 463980/-

ചെലവ് വിവരം - 1)ബിൽ നം.21/22-23/05.01.23 , .Rs-209000/-

2) ബിൽ നം.31/22-23/18.03.23 , .Rs-66880/-

3) ബിൽ നം.39/22-23/31.03.23 , .Rs-188100/-

ബി) പ്രോജക്ട് നം – S00139/23

പ്രോജക്ടിന്റെ പേര് - വയോജനങ്ങൾക്ക് കട്ടിൽ (എസ് സി)

അടങ്കൽ -വികസന ഫണ്ട് - 160950/-,

ചെലവ്- 121220/-

ചെലവ് വിവരം - ബിൽ നം.38/22-23/29.03.23

2022-23 സാമ്പത്തികവർഷം മേൽ പ്രോജക്ടുകൾ പ്രകാരം ആകെ 140 പേർക്ക് SIDCOയിൽ നിന്നും ഒരെണ്ണത്തിന് 4,180/- രൂപ പ്രകാരം പ്രകാരം കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിവിധ വിഭാഗങ്ങളിൽ പെട്ടവർക്ക് ഓരോ ഇനത്തിനും അനുവദനീയമായ സബ്സിഡിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീ.28.05.2022 ആയി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4,350 രൂപയിൽ അധികമാവാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ തൻവർഷം കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ വാങ്ങി സൂക്ഷിക്കാതെയാണ് കട്ടിൽ വിതരണം നടത്തിയിട്ടുള്ളത്. അപാകതക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/19.10.23) മറുപടി നൽകിയില്ല. മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി മാത്രം പദ്ധതി നിർവ്വഹിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ദേശീയ തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ

മുക്കട കോളനി കലുങ്ക് മുതൽ റെയിൽവേ ലൈൻ വരെ തോട് ആഴം കൂട്ടി മാടി ബലപ്പെടുത്തൽ

WC-561213 വാർഡ് -X

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ മുക്കട കോളനി കലുങ്ക് മുതൽ റെയിൽവേ ലൈൻ വരെ തോട് ആഴം കൂട്ടി മാടി ബലപ്പെടുത്തൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ,

കയർ ഭൂ വസ്ത്രം വിരിക്കുന്നതിനാവശ്യമായ മുള വാങ്ങിയിട്ടുള്ളത് പ്രവൃത്തിയുടെ മേറ്റായ ശ്രീമതി സിന്ധു ആണ്. ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള കൈപ്പറ്റ് രസീത് പ്രകാരം ടി പ്രവൃത്തിക്കാവശ്യമായ മുള നൽകിയതിന്റെ വിലയായ 780/- രൂപ ടി പ്രവൃത്തിയുടെ മേറ്റിൽ നിന്നും ശ്രീമതി തങ്കച്ചി എന്നയാൾ കൈപ്പറ്റിയിട്ടുണ്ട്. ഇതനുസരിച്ച് മുളയുടെ വില നൽകേണ്ടത് ആയതിന് തുക ചെലവഴിച്ച ടി പ്രവൃത്തിയുടെ മേറ്റിന്റെ പേരിലാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഈ പ്രവൃത്തിയുമായി യാതൊരു ബന്ധവുമില്ലാത്ത ഗ്രാമ പഞ്ചായത്തിലെ ADS ന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് ടി തുക നൽകിയിട്ടുള്ളത്. ഇതുപോലെ മറ്റ് പ്രവൃത്തികളിലും മുളവാങ്ങിയതിന്റെ വില ADS ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഈ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (26/20.10.23) മറുപടി ലഭ്യമാക്കിയില്ല. മുള വാങ്ങുന്നതിനായി യഥാർത്ഥത്തിൽ പണം ചെലവഴിച്ച വ്യക്തിയുടെ പേരിൽ തന്നെ പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ആശുപത്രി റോഡിൽ നിന്നും പടിഞ്ഞാറോട്ട് ദീപാ സദനം വരെ റോഡ് കോൺക്രീറ്റിംഗ്- അപാകതകൾ

പ്രോജക്ട് - 30/23, (53/22)

അടങ്കൽ- 5,00,000/- വികസന ഫണ്ട് ജനറൽ

കരാറുകാരൻ - സുരേഷ് കുമാർ ജി.

പി.എ.സി- 383129, അളവ് പുസ്തകം -31/21

ആശുപത്രി റോഡിൽ നിന്നും പടിഞ്ഞാറോട്ട് ദീപാ സദനം വരെ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 1, ഒന്നാമിനമായി ഡ്രെയിൻ നിർമ്മാണത്തിനായി എർത്ത് വർക്ക് എസ്കവേഷൻ ചുവടെ ചേർത്തിരിക്കുന്ന അളവിൽ ചെയ്തിട്ടുണ്ട്.

10x1.10x1 =11

10.5x1.1x1=11.55 ആകെ 22.55$m^3$

രണ്ടാമിനമായി 1:3:6 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് മേൽ സൂചിപ്പിച്ച അളവിൽ

0.10m കനത്തിൽ 2.25$m^3$ ചെയ്തിട്ടുണ്ട്.

നാലാമിനമായി ടി.എം.ടി സ്റ്റീൽ ബാർ താഴെ പറയുന്ന അളവിൽ ഉപയോഗിച്ചിട്ടുണ്ട്.

U – ഷെയ്പിൽ 8mm -1x141x2.8x0.39=153.97kg

8mm ഹൊറിസോണ്ടൽ- 2x6x20.10x0.39 = 94.06kg

Over Lap- 1x10x0.60x0.39= 2.34kg

Bottom Bar- 1x6x20.10x0.39= 47.03kg
ആകെ 297.4kg

ആറാമിനമായി സിമന്റ് കോൺക്രീറ്റ് - ഡ്രെയിൻ ബെഡ്-

1x1x10x1.10x0.1 =1.1$m^3$

1x1x10.5x1.1x0.1=1.15 ആകെ 2.25$m^3$

2, 6 ഇനങ്ങളിലായി 0.20m കനത്തിൽ സി.സി ചെയ്തിട്ടുണ്ട്. ആയതിന് ശേഷം സൈഡ് വാൾ നിർമ്മിക്കാവുന്ന ഉയരം 0.80m മാത്രമാണ്. എന്നാൽ സൈഡ് വാൾ 0.95m ഉയരത്തിൽ ചെയ്തിട്ടുള്ളതായി കാണുന്നു. കൂടാതെ ഇപ്രകാരം സൈഡ് വാൾ നിർമ്മാണത്തിന് സെന്ററിംഗ് ഷട്ടറിംഗ് ചെയ്തിട്ടുള്ളതായി കാണുന്നില്ല.

നാലാമിനമായി സൈഡ് വാൾ കോൺക്രീറ്റിംഗിനായി U – ഷെയ്പ്പിൽ 8mm സ്റ്റീൽ ബാർ കട്ട് ചെയ്തിട്ടുള്ളത് 2.80m, (1.05+(0.875x2) നീളത്തിലാണ്. ഇതിൽ നിന്നും ഡ്രെയിൻ ബെഡ് 0.10m കനം കുറച്ചാൽ സൈഡ് വാൾ ചെയ്യാവുന്ന ഉയരം 0.80m മാത്രമാണ്. എന്നാൽ പുറം 6 പ്രകാരം സൈഡ് വാൾ ചെയ്ത അളവ് ചുവടെ ചെർക്കുന്നു.

| സൈഡ് വാൾ ചെയ്ത അളവ് | നൽകിയതുക | സൈഡ് വാൾ ചെയ്യാവുന്ന അളവ് | നൽകാവുന്ന തുക | അധികം നൽകിയത് | ബിൽ നമ്പർ |
|---|---|---|---|---|---|
| 1x2x10x0.15x0.95 =2.85$m^3$ | | 1x2x10x0.15x0.80 =2.40$m^3$ | | | |
| 1x2x10.5x0.15x0.95 =2.99$m^3$ | 8.09$m^3$x @7723.629/m3 =62484/- | 1x2x10.5x0.15x0.80 =2.52$m^3$ | 7.17$m^3$x @7723.629/m3 =55378/- | 7106+12% (ജി.എസ്.ടി), 853 = 7959/- | 225/22.3.22, 353784/- Cheque- 25137/6.7.22, 77950/- |
| ആകെ -5.84$m^3$+2.25$m^3$ (ഡ്രെയിൻ ബെഡ്) =8.09$m^3$ | | ആകെ- 4.92$m^3$+2.25$m^3$ (ഡ്രെയിൻ ബെഡ്) =7.17$m^3$ | | | |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (20/20.10.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ചവിധം അധികം നൽകിയ 7,959/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

1-34 റോഡ് ടാറിംഗ്- ബാരൽ വില ഈടാക്കിയില്ല

